ഉത്തരം

(എ) നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ 2.11.1999-ന് രാത്രി ആരോ അതിക്രമിച്ചുകയറി പൊളിച്ചു നശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) വിവരം ഫോൺ ചെയ്ത് അറിയിച്ചിരുന്നില്ല. 3.11.99-ന് 11.30 മണിക്ക് പരാതി ലഭിച്ചിട്ടുള്ളതും പോലീസ് 11.45-ന് കോളേജിൽ എത്തി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(സി) നിർമ്മലഗിരി കോളേജിന് ആവശ്യമായ കാവലും പരിരക്ഷയും നൽകിയിരുന്നു.

(ഡി) 3.11.1999-ന് 11.30-ന് പരാതി ലഭിക്കുകയും 11.45-ന് പോലീസ് കോളേജിൽ എത്തി അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഇ)&(എഫ്) ഈ സംഭവത്തിൽ കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 427, 447 സെക്ഷനുകൾ പ്രകാരം ക്രൈം നമ്പർ 443/99 ആയി കേസ്സ് എടുത്തിട്ടുണ്ട്. കേസ്സന്വേഷണം നടന്നുവരികയാണ്.

നിർമ്മലഗിരി കോളേജിലെ സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം

(41) ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ് സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷിക്കുന്നത്;

(ബി) ഇക്കാര്യത്തിൽ സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയേയോ, റിട്ട. ഹൈക്കോടതി ജഡ്ജിയേയോ നിയോഗിക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ;

(സി) കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണ്;

(ഡി) ബന്ധപ്പെട്ട കക്ഷികളെല്ലാം കമ്മിഷനുമായി സഹകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. റിട്ടയേഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദ്.

(ബി) ഈ വിഷയത്തിൽ ഇപ്പോൾ നിയമിക്കപ്പെട്ട കമ്മിഷൻ പര്യാപ്തമാണ്.

(സി) 1. കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പലിന് നേരെയുണ്ടായതായി ആരോപിക്കപ്പെട്ട ബലപ്രയോഗം.

2. നിർമ്മലഗിരി കോളേജിലെ ഒരു വിദ്യാർത്ഥിയായ ശ്രീ. അജിത്തിൻമേൽ നടന്നതായാരോപിക്കപ്പെട്ട റാഗിംഗ്.

3. നിർമ്മലഗിരി കോളേജിന്റെ വസ്തുവകകൾ നശിപ്പിച്ചതായുള്ള ആരോപണം.

4. അനുബന്ധ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് ആരോപിക്കപ്പെട്ട മറ്റെല്ലാ സംഭവങ്ങളും.

883/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കമ്മിഷന്റെ പ്രവർത്തനം ആരംഭിക്കാനിരിക്കുന്നതേയുള്ളൂ.

മാരൂർ മാർത്തോമ പള്ളിയിലെ പള്ളിമണിമോഷണം

(42)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ ഏനാദിമംഗലം പഞ്ചായത്തിൽ മാരൂർ മാർത്തോമ പള്ളിയിലെ പള്ളിമണ്ണി മോഷണംപോയത് സംബന്ധിച്ച് അടൂർ പോലീസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത കേസ്സിലെ ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) അടൂർ പോലീസ് സ്റ്റേഷനിൽ 647/96 നമ്പരായി കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷിച്ചിരുന്നു. തുടർന്ന് 16.3.97-ൽ കേസ്സ് തെളിയേണ്ട പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്.

(ബി) ഇല്ല.

ദേവാലയ മോഷണങ്ങൾ

(43) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ദേവാലയങ്ങളിൽ മോഷണം നടത്തിയിട്ടുണ്ട്;

(ബി) ക്രിസ്ത്യൻ പള്ളി, മുസ്ലീം പള്ളി, ക്ഷേത്രങ്ങൾ, മറ്റു മതവിഭാഗങ്ങളിൽപ്പെടുന്നവരുടെ ആരാധനാലയങ്ങൾ എന്നിവയിൽ ഈ കാലഘട്ടത്തിൽ എത്ര മോഷണംവീതം നടന്നു;

(സി) ഈ കാലഘട്ടത്തിൽ നടന്ന ദേവാലയ മോഷണങ്ങളിൽ എത്ര കേസ്സുകളിൽ മോഷ്ടാക്കളെ അറസ്റ്റുചെയ്തു; എത്ര കേസ്സുകളിൽ മോഷണ വസ്തുക്കൾ തിരിച്ചുകിട്ടി എന്നറിയിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

പോലീസുകാർ ഉൾപ്പെട്ട കേസ്സുകൾ

(44) ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ കുറ്റവാളികളായിട്ടുള്ള എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ മോഷണം, കബളിപ്പിക്കൽ, ബലാൽസംഗം, പിടിച്ചുപറി, ദേഹോപദ്രവം എന്നിവയുൾക്കൊള്ളുന്ന എത്ര കേസ്സുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly